# നെടുമ്പന ഗ്രാമപഞ്ചായത്ത്

നെടുമ്പന പി ഓ, കൊല്ലം-691576ഫോൺ.0474 - 2562059

ഇ മെയിൽ: nedumpanagp@gmail.com , വെബ്സൈറ്റ് : www.nedumpanapanchayat.lsgkerala.gov.in


SC2/NDPNA/250/2026 01/09/2026

## ഇ ടെണ്ടർ പരസ്യം

നെടുമ്പന ഗ്രാമ പഞ്ചാത്തിലെ 2026-27 വാർഷിക പദ്ധതി- തെരുവു വിളക്ക് മെയിൻറനൻസ്(Project No.30/27) എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി പഞ്ചായത്തിലെ മുഴുവൻ തെരുവ് വിളക്കുകളും ഒരു വർഷത്തേക്ക് മുടക്കം കൂടാതെ പ്രകാശിപ്പിക്കുന്നതിന് ആന്വൽ മെയിന്റനൻസ് കോൺട്രാക്ട് വ്യവസ്ഥയിൽ( സാധനങ്ങൾ ഉൾപ്പടെ) നിർവ്വഹിക്കുന്നതിന് അംഗീകൃത ഏജൻസികൾ / പി.ഡബ്ല്യൂ.ഡി ബി ക്ലാസ് ഇലക്ട്രിക്കൽ ലൈസൻസുള്ള കരാറുകാരിൽ നിന്നും മത്സര സ്വഭാവമുള്ള ഇ ടെണ്ടറുകൾ ക്ഷണിക്കുന്നു. ഒരു ഇലക്ട്രിക് പോസ്റ്റിലെ തെരുവുവിളക്ക് മുകളിൽ പറഞ്ഞ പ്രകാരം അറ്റകുറ്റപണി നടത്തുന്നതിനുള്ള തുകയാണ് ലേബർ ചാർജ്ജായി രേഖപ്പെടുത്തേണ്ടത്. ലേബർ ചാർജ്ജ് ഓരോ ഇനം തെരുവുവിളക്കിനും ജി എസ് ടി ഉൾപ്പെടെ പ്രത്യേകമായി രേഖപ്പെടുത്തേണ്ടതാണ്.

പദ്ധതിയുടെ പേര്- തെരുവു വിളക്ക് മെയിൻറനൻസ്

| | |
|---|---|
| അടങ്കൽ തുക | - 20,00,000/- രൂപ |
| ഫാറം വില | - 2760 രൂപ |
| നിരത ദ്രവ്യം | - 50,000/- രൂപ |

**ഇ ടെണ്ടർ ഫോറങ്ങൾ ഓൺലൈനായി സമർപ്പിക്കേണ്ട അവസാന തീയതി**

**- 14/09/2026 , വൈകിട്ട് 3 മണി**

**ഒർജിനൽ പ്രമാണങ്ങൾ സമർപ്പിക്കേണ്ട അവസാന തീയതി – 16/109/2026 , ഉച്ചക്ക് 2 മണി**

**ടെണ്ടർ തുറക്കുന്ന തീയതി - 16/09/2026, വൈകിട്ട് 3 മണി**

കരാറുകാരന് നിയമാനുസൃത പി.ഡബ്ല്യൂ.ഡി ഇലക്ട്രിക്കൽ കോൺട്രാക്ടേഴ്സ് ലൈസൻസ് , ജി.എസ്.ടി രജിസ്ട്രേഷൻ എന്നിവ ഉണ്ടായിരിക്കേണ്ടതാണ്. കരാറുകാരൻ തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 3055/ഡി എ3/2011 തീയതി 15/9/2011 ലെ ഉത്തരവ് പ്രകാരം എഗ്രിമെന്റ് നൽകേണ്ടതും (മാതൃക പ്രത്യേകം നൽകിയിട്ടുണ്ട്) ആയത് പ്രകാരം പ്രവർത്തി നിർവ്വഹിക്കേണ്ടതുമാണ്. ടെണ്ടർ സംബന്ധമായ എല്ലാ നിയമങ്ങളും ചട്ടങ്ങളും ഈ ടെണ്ടറിനും ബാധകമാണ്. ടെണ്ടർ തുറക്കുന്ന ദിവസം അവധിയായാൽ അടുത്ത പ്രവർത്തി ദിവസം ടെണ്ടർ നടപടികൾ നടക്കുന്നതായിരിക്കും. ഏറ്റവും കുറഞ്ഞ തുകയുള്ള സാധുവായ ടെണ്ടർ പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരം അംഗീകരിക്കുന്നതായിരിക്കും.

## നിബന്ധനകൾ

1. എല്ലാ നികുതികളും ഉൾപ്പെടെ ടെണ്ടറിൽ രേഖപ്പെടുത്തേണ്ടതാണ്. ടെണ്ടറിൽ കാണിച്ച തുകയ്ക്ക് പുറമെ യാതൊരു തുകയും പിന്നീട് അനുവദിക്കുന്നില്ല.
2. 200/- രൂപ വിലയുള്ള മുദ്രപത്രത്തിൽ പ്രാഥമിക കരാർ ഉടമ്പടി, നിരതദ്രവ്യം എന്നിവ ടെണ്ടറിൽ ഉള്ളടക്കം ചെയ്യേണ്ടതാണ്.
3. നിർദ്ദിഷ്ട സമയത്തിന് ശേഷം ലഭിക്കുന്ന ദർഘാസുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.
4. ടെണ്ടർ സമർപ്പിക്കുന്ന കവറിന് പുറത്ത് പ്രവർത്തിയുടെ പേരും നമ്പരും വ്യക്തമായി എഴുതണം.
5. അപൂർണ്ണമായതോ നിരക്കുകൾ വ്യക്തമായി രേഖപ്പെടുത്താത്തതോ ആയ ടെണ്ടറുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.
6. ദർഘാസ് സംബന്ധമായി നിലവിലുള്ള എല്ലാ വ്യവസ്ഥകളും ഇതിനും ബാധകമായിരിക്കും.
7. ദർഘാസ് തീയതികളിൽ ഏതെങ്കിലും കാരണവശാൽ അവധിയായി പ്രഖ്യാപിക്കുന്ന പക്ഷം തൊട്ടടുത്ത പ്രവർത്തി ദിവസം ദർഘാസ് നടപടികൾ നടത്തുന്നതാണ്.
8. ടെണ്ടറുകൾ അംഗീകരിക്കുന്നതിനോ യാതൊരു കാരണവും കൂടാതെ നിരസിക്കുന്നതിന് ഉള്ള അധികാരം പഞ്ചായത്ത് ഭരണസമിതിയിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.
9. ദർഘാസ് പ്രവർത്തികളെ സംബന്ധിച്ച വിശദ വിവരം പ്രവൃത്തി സമയങ്ങളിൽ ഗ്രാമപഞ്ചായത്ത് ഓഫീസിൽ അന്വേഷിച്ച് അറിയാവുന്നതാണ്.
10. ടെണ്ടർ സംബന്ധിച്ച വിശദവിവരങ്ങൾ, ഐ ഡി DP-SC1-5678/22എന്ന വെബ് സൈറ്റിലും ലഭ്യമാണ്.
11. ടെണ്ടറുകൾ സംബന്ധിച്ച സർക്കാർ നിയമങ്ങളും ചട്ടങ്ങളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പ്രൊക്യൂർമെന്റ് മാന്വൽ നിബന്ധനകളും എം പി.എൽ.എ.ഡി.എസ് നിബന്ധനകളും ഇതിന് ബാധകമായിരിക്കും
12. ടാക്സ്/ജി എസ് ടി സംബന്ധിച്ച് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ ഇ ടെണ്ടറിനും ബാധകമായിരിക്കും.
13. നിരതദ്രവ്യം സ്ഥിര നിക്ഷേപമാണെങ്കിൽ നെടുമ്പന ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ പ്ലെഡ്ജ് ചെയ്തതായിരിക്കണം.
14. ഗ്രാമ പഞ്ചായത്തിന്റെ അതിർത്തിക്കുള്ളിലെ എല്ലാവിധ തെരുവു വിളക്കുകളും ഒരു വർഷക്കാലയളവിൽ റിപ്പയർ ചെയ്ത് പുനസ്ഥാപിക്കേണ്ടതാണ്.
15. കരാർ ലഭിക്കുന്നയാൾ 10 ശതമാനം തുക സെക്യൂരിറ്റി ഡെപ്പോസിറ്റായി നൽകേണ്ടതാണ്.
16. 15/09/2011 ലെ 3055/ഡി എ3./2011 എൽ എസ് ജി ഡി ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി മാത്രം അറ്റക്കുറ്റപ്പണി നടത്തേണ്ടതാണ്.
17. പരാതി രെജിസ്റ്റർ പ്രകാരമുള്ള പരാതികൾ ഒരാഴ്ചയ്ക്കകം പരിഹരിച്ചിരിക്കണം.
18. തെരുവുവിളക്ക് മെയിന്റനൻസ് പ്രവർത്തികൾ ചെയ്യുന്നതിന് മുൻപ് വൈദ്യുതി ലൈൻ ഓഫ് ചെയ്യുന്നത് അടക്കമുള്ള കാര്യങ്ങൾ കരാറുകാരൻ കെ എസ് ഇ ബി യുമായി ബന്ധപ്പെട്ട് ഉറപ്പുവരുത്തേണ്ടതാണ്. കരാറുകാരനോ കരാറുകാരൻ നിയോഗിക്കുന്ന തൊഴിലാളിയുടേയോ ഇൻഷ്വറൻസ് സംരക്ഷണം കരാറുകാരൻ തന്നെ ഉറപ്പുവരുത്തേണ്ടതാണ്.
19. കരാർ കാലാവധി മുതൽ ഒരു വർഷം വരെയുള്ള കാലയളവിൽ തെരുവുവിളക്ക് അറ്റക്കുറ്റപ്പണി നടത്തേണ്ടതും ആയത് സംബന്ധിച്ച പരിശോധന വാർഡുമെമ്പറുമാരുടെ സാക്ഷ്യപത്രത്തിന്റെയും അടിസ്ഥാനത്തിൽ തുക ഘട്ടമായി അനുവദിക്കുന്നതാണ്.

**20. തെരുവ് വിളക്ക് മെയിന്റനൻസിനായി ഉപയോഗിക്കുന്ന മുഴുവൻ സാധനസാമഗ്രികളും നിശ്ചിത ഗുണനിലവാരമുള്ളതായിരിക്കണം.**

NEDUMPANA GRAMA PANCHAYAT OFFICE
E-mail nedumpanagp@gmail.com
NEDUMPANA P.O. KOLLAM
PinCode 691576

Secretary
Nedumpana Grama Panchayat
Nedumpana P.O., Kollam-691576
Ph: 0474-2562059, 9496041..